

റിപ്പോർട്ട് ●

സാമിർ ജലീൽ ഉള്ള്യേരി

# കനലണയാതെ കിനാലൂർ
# സമര കേരളം മുട്ടുമടക്കില്ല

**നിർദിഷ്ട** വ്യവസായ പാർക്കിലേക്കുള്ള നാലുവരി പാതയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പോലീസ് നടത്തിയ നരനായാട്ടിൽ വ്യാപക പ്രതിഷേധം. സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിരായുധരായ സമരക്കാർക്ക് നേരെ പോലീസ് നടത്തിയ തേർവാഴ്ചയിൽ വിറങ്ങലിച്ച് നിൽക്കുകയാണ് ഈ മലയോര ഗ്രാമം. ലാത്തിച്ചാർജിന് മുമ്പ് നടത്തേണ്ട യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് ഡിവൈ.എസ്.പി കുബേരൻ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അഴിഞ്ഞാടിയത്.

മുമ്പ് മൂന്ന് തവണ സർവേ നടത്താനുള്ള ശ്രമം ജനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ തടഞ്ഞപ്പോൾ ഒരു സംഘർഷവും ഉണ്ടായിരുന്നില്ല. ലാത്തിച്ചാർജിന് ഏതാനും ദിവസം മുമ്പ് കിനാലൂർ വ്യവസായപാർക്കിൽ സി.പി.എം നേതാവിന് അനുവദിച്ച ഫുട്ട് പാർക്ക് ഉദ്ഘാടനം ചെയ്ത മന്ത്രി എളമരം കരീമിന്റെ പ്രസ്താവന നടക്കാൻ പോകുന്ന നരനായാട്ടിന്റെ സൂചനയായിരുന്നുവെന്ന് ഇപ്പോൾ നാട്ടുകാർ ഓർക്കുന്നു. ഏഴുകണ്ടി മുതൽ വട്ടോളി ബസാർ വരെയുള്ള സർവെ പൂർത്തിയാക്കിയേ അടുത്ത തവണ ഉദ്യോഗസ്ഥർ മടങ്ങുകയുള്ളൂ എന്ന് അർഥശങ്കക്കിടയില്ലാതെ അന്ന് മന്ത്രി വ്യക്തമാക്കിയിരുന്നു. സോളിഡാരിറ്റി കോഴിക്കോട് ജില്ലാ പ്രസിഡന്റ് അബ്ദുർറസ്സാഖ് പാലേരി സമരക്കാരെ അഭിസംബോധന ചെയ്യുന്നതിനിടെ അരയിൽ കല്ലുമായി സമരക്കാർക്ക് പിറ

കിൽ നിലയുറപ്പിച്ച സി.പി.എം പ്രവർത്തകർ പോലീസിനു നേരെ കല്ലെറിയുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ വെളിപ്പെടുത്തുന്നു. സംഘർഷം ആസൂത്രിതമായിരുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. മാത്രവുമല്ല ജനം ചിതറിയോടിയ സമയത്ത് സമരപ്രവർത്തകർ ഓടിയൊളിച്ച വീടുകൾ ചൂണ്ടിക്കാണിച്ച് കൊടുത്തതും കല്ലേറ് നടത്തിയ സംഘം തന്നെയായിരുന്നു.

പിഞ്ചുമക്കളെ കൈവിട്ട് ഭയന്നോടിയ സ്ത്രീകളെ പോലീസ് പിറകെയോടി കല്ലെറിഞ്ഞ സംഭവത്തിന് ഒരുപക്ഷേ സമീപകാല കേരളം സാക്ഷ്യം വഹിച്ചിരിക്കില്ല. പുരുഷ പോലീസുകാർ സ്ത്രീകളെ നാഭിക്ക് പിടിച്ച് തള്ളി വീഴ്ത്തുകയും അടച്ചിട്ട വാതിൽ ചവിട്ടിപ്പൊളിക്കാൻ ശ്രമം നടത്തുകയും ചെയ്തു. നിലവിളിച്ചോടിയ കുട്ടികൾ സമീപത്തെ വീടുകളിലെ കട്ടിലുകൾക്കടിയിൽ അഭയം തേടിയ ചിത്രം ഏഴുകണ്ടിയിലെ സൽമയുടെ മനസ്സിൽനിന്നും മായുന്നില്ല. ലക്കും ലഗാനുമില്ലാതെ പോലീസ് ഗ്രനേഡുകൾ വലിച്ചെറിഞ്ഞതോടെ കിനാലൂർ അക്ഷരാർഥത്തിൽ യുദ്ധക്കളമായി മാറുകയായിരുന്നു. സംഭവം പകർത്താനെത്തിയ ദൃശ്യമാധ്യമ പ്രവർത്തകരെ പരസ്യമായാണ് പോലീസ് ഭീഷണിപ്പെടുത്തിയത്. ഫോട്ടോയെടുത്താൽ 'കാര്യമറിയുമെന്നും' സസ്പെൻഷൻ തങ്ങൾക്ക് ബാധകമല്ലെന്നുമുള്ള മട്ടിൽ മുകളിൽനിന്നും ചില ഉറപ്പുകൾ ലഭിച്ച രീതിയിലായിരുന്നു പോലീസ്. റോഡരികിലും സമീപത്തെ വീടുകളിലും നിർത്തിയിട്ടിരുന്ന നിരവധി വാഹനങ്ങളാണ് പോലീസ് അടിച്ചു തകർത്തത്. ഉമ്മയോടൊപ്പം സമരത്തിനെത്തിയ കാക്കൂരിലെ പതിമൂന്നുകാരൻ ഷാബാനും 12കാരൻ അദ്നാനും പോലീസിന്റെ മർദനത്തിനിരയായി.

സംഭവത്തിന്റെ തൽസമയ ദൃശ്യം പുറംലോകത്ത് എത്തിച്ച ചാനൽ പ്രവർത്തകരാണ് ഒരുപക്ഷേ തുടർന്ന് സംഭവിക്കുമായിരുന്ന വലിയൊരു ദുരന്തത്തിൽനിന്നും കിനാലൂരിനെ രക്ഷിച്ചത്. പ്രതിഷേധക്കാരെ പോലീസ് തല്ലിച്ചതക്കുന്നതിന്റെ ദൃശ്യങ്ങൾ ചാനലിൽ കണ്ടയുടൻ ദൽഹിയിലായിരുന്ന മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ജില്ലാ കലക്ടറെ ഫോണിൽ വിളിച്ച് സർവെ നിർത്താനും പോലീസിനെ പിൻവലിക്കാനും നിർദേശം നൽകുകയായിരുന്നു. അത് സംഭവിച്ചിട്ടില്ലായിരുന്നുവെങ്കിൽ മുമ്പ് ഹെൽമറ്റ് വേട്ടയുടെ പേരിൽ കിള്ളിയിൽ അർധരാത്രി അഴിഞ്ഞാടിയ കേരള പോലീസിന്റെ തനിസ്വരൂപം പ്രബുദ്ധ കേരളം ഒരിക്കൽ കൂടി കാണേണ്ടിവരുമായിരുന്നു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ, ടി. മുഹമ്മദ് വേളം, സി. ദാവൂദ് എന്നിവർ സംഘർഷം അറിഞ്ഞയുടൻ സംഭവസ്ഥലത്തേക്ക് തിരിച്ചിരുന്നു. പരിക്കേറ്റവരെയും അക്രമത്തിനിരയായവരെയും അവർ സന്ദർശിച്ചു.

പോലീസ് തേർവാഴ്ചയുടെ ദൃശ്യങ്ങൾ പുറംലോകം അറിഞ്ഞതോടെ നാടെങ്ങും പ്രതിഷേധമിരമ്പി. സോളിഡാരിറ്റി പ്രവർത്തകർ കോഴിക്കോട് നഗരത്തിൽ വമ്പിച്ച പ്രതിഷേധ പ്രകടനവും പൊതുയോഗവും നടത്തി. പൊതുയോഗത്തിൽ സംസാരിച്ച സംസ്ഥാനസമിതിയംഗം കെ. മുഹമ്മദ് നജീബ്, നന്ദിഗ്രാമിൽനിന്നും സിംഗൂരിൽനിന്നും പാഠം പഠിക്കാൻ മന്ത്രിയും കലക്ടറും തയാറാകണമെന്ന് ആവശ്യപ്പെട്ടു. ജില്ലക്ക് പുറത്തും നിരവധി സ്ഥലങ്ങളിൽ സോളിഡാരിറ്റി പ്രവർത്തകർ പ്രകടനം നടത്തി.

സിംഗൂർ മോഡൽ വികസനമാണ് ഇടതു സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്നതെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയും, ഭൂമാഫിയക്ക് വേണ്ടി മന്ത്രി നടത്തുന്ന ദുർവാശി ധിക്കാരമാണെന്ന് ലീഗ് ജില്ലാ പ്രസിഡന്റ് പി.കെ.കെ ബാവയും സെക്രട്ടറി എം.സി മായിൻ ഹാജിയും ആരോപിച്ചു. എളമരം കരീമിന്റെ രഹസ്യ അജണ്ടയെ കുറിച്ച് മന്ത്രിയെ മാറ്റിനിർത്തി മുഖ്യമന്ത്രി അന്വേഷിക്കണമെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു. സ്ത്രീകളും കുട്ടികളും അടങ്ങുന്ന സമരക്കാർക്ക് നേരെ അഴിഞ്ഞാടിയ പോലീസ് കിനാലൂരിൽ വീണ്ടും ഭീകരാവസ്ഥ സൃഷ്ടിക്കുകയാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് മന്ത്രിയുടെ നടപടികൾ ദുരൂഹത നിറഞ്ഞതാണെന്നും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി കുറ്റപ്പെടുത്തി. കിനാലൂരിൽ പോലീസ് നടത്തുന്ന റെയ്ഡും അതിക്രമങ്ങളും അവസാനിപ്പിക്കാത്ത പക്ഷം താൻ സമരരംഗത്ത് ഇറങ്ങുമെന്നും റോഡിന് അനുകൂലമായിരുന്നു താൻ എന്ന മന്ത്രിയുടെ പ്രസ്താവന സത്യവിരുദ്ധമാണെന്നും സ്ഥലം എം.പി എം.കെ രാഘവൻ പറഞ്ഞു.

നടക്കാത്ത വ്യവസായത്തെക്കുറിച്ച് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച മന്ത്രി കരീമിന്റെ വിശ്വാസ്യത തകർന്നതായും മാർക്സിനെയല്ല ഗീബൽസിനെയാണ് മന്ത്രി ആശ്രയിക്കുന്നതെന്നും കോൺഗ്രസ് നേതാവ് വി.എം സുധീരൻ പറഞ്ഞു. കിനാലൂരിലെ പോലീസ് അതിക്രമത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എളമരം കരീമിനെ മന്ത്രിസഭയിൽനിന്നും പുറത്താക്കണമെന്ന് ഇടതുപക്ഷ ഏകോപന സമിതി നേതാക്കളായ എം.ആർ മുരളിയും ടി.പി ചന്ദ്രശേഖരനും ആവശ്യപ്പെട്ടു. റിയൽ എസ്റ്റേറ്റ് മാഫിയക്ക് വേണ്ടി നിലകൊള്ളുന്ന സി.പി.എം നീക്കത്തെ എന്തു വില കൊടുത്തും ചെറുക്കുമെന്ന് യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ആദം മുൽസി പറഞ്ഞു. വികസനത്തിന്റെ പേരിൽ ഭൂമാഫിയകളെ സംരക്ഷിക്കാൻ ജനങ്ങളെ തല്ലിച്ചതച്ച നടപടിയിൽ യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് കെ.എം ഷാജിയും സെക്രട്ടറി എൻ. ഷംസുദ്ദീനും പ്രതിഷേധിച്ചു. അക്രമം നടത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യണമെന്ന് എസ്.ഡി.പി.ഐ ആവശ്യപ്പെട്ടു. ജനകീയ സമരത്തെ ബലപ്രയോഗത്തിലൂടെ അടിച്ചമർത്താനുള്ള നീക്കം അപലപനീയമാണെന്ന് ഐ.എസ്.എം സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവിച്ചു. ജനകീയ പ്രതിരോധ വേദി പ്രസിഡന്റ് അഡ്വ. മഞ്ചേരി സുന്ദർരാജ്, എ. ശേഖർ എന്നിവരും പ്രതിഷേധിച്ചു. സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന് അഡ്വ. എം.കെ പ്രേംനാഥ് എം.എൽ.എ ആവശ്യപ്പെട്ടു. ലാത്തിച്ചാർജിൽ പി.യു.സി.എൽ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. മുഖ്യമന്ത്രി വിഷയത്തിൽ നേരിട്ട് ഇടപെടണമെന്ന് സംസ്ഥാന സെക്രട്ടറി അഡ്വ. പി.എ. പൗരൻ ആവശ്യപ്പെട്ടു.

ഭൂമിവ്യാപാരത്തിന്റെ ഏജന്റുമാരായി ചില മന്ത്രിമാർ മാറിയെന്നും എളമരം കരീമിന്റെ നാലര വർഷത്തെ മുഴുവൻ ഇടപാടുകളും അദ്ദേഹത്തെ മാറ്റിനിർത്തി അന്വേഷിക്കണമെന്നും പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ ആവശ്യപ്പെട്ടു. ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ കമ്മിറ്റിയും പോലീസ് നടപടിയിൽ പ്രതിഷേധിച്ചു. കിനാലൂരിൽ വരാൻ പോകുന്ന സംരംഭം എന്താണെന്നും അതിന് എത്രമാത്രം റോഡ് സൗകര്യം ആവശ്യമാണെന്നും സർക്കാർ ഇതുവരെ വിശദീകരിച്ചിട്ടില്ല. ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കാൻ സർക്കാർ ചർച്ചക്ക് മുൻകൈ എടുക്കണമെന്നും പരിഷത്ത് നേതാക്കൾ പ്രസ്താവനയിൽ പറഞ്ഞു.

വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ വിശ്വാസത്തിലെടുക്കണമെന്നും നിരപരാധികളെ പീഡിപ്പിക്കുന്നത് സർക്കാറിന് ഭൂഷണമല്ലെന്നും കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. സംഭവത്തിൽ ഇടപെടാത്ത വനിതാ കമീഷൻ നിലപാട് അപലപനീയമാണെന്ന് മഹിളാ കോൺഗ്രസ് സംസ്ഥാന അധ്യക്ഷ ഷാനിമോൾ ഉസ്മാൻ പറഞ്ഞു.

വർഗീയ തീവ്രവാദികളാണ് സംഭവത്തിന് പിന്നിലെന്ന മന്ത്രിയുടെ ആരോപണം തെറ്റാണെന്ന് സ്ഥലം സന്ദർശിച്ചപ്പോൾ ബോധ്യമായെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി പറഞ്ഞു. നിരപരാധികളെ കേസിന്റെ ഉമ്മാക്കി കാട്ടി ഭീഷണിപ്പെടുത്താമെന്ന് സർക്കാർ കരുതേണ്ട. ഭൂമാഫിയക്ക് വേണ്ടി നിലകൊള്ളുന്ന മന്ത്രിമാരുടെ നടപടികളെക്കുറിച്ച് അന്വേഷിക്കണമെന്ന് എം.പി വീരേന്ദ്രകുമാർ ആവശ്യപ്പെട്ടു.

കിനാലൂരിൽ നടന്നത് അധികാര മുഷ്കാണെന്നും സ്വൈരജീവിതം ഉറപ്പാക്കാൻ സർക്കാർ ഇടപെടണമെന്നും സാംസ്കാരിക പ്രവർത്തകർ പ്രസ്താവനയിൽ പറഞ്ഞു. സാറാ ജോസഫ്, സി. ആർ നീലകണ്ഠൻ, പി. മുജീബുർറഹ്മാൻ, ഒ. അബ്ദുർറഹ്മാൻ, അംബികാ സുതൻ, ചെമ്മനം ചാക്കോ, ഡോ. ആസാദ്, പി.ആർ.ബി ഭാസ്കർ എന്നിവർ പ്രസ്താവനയിൽ ഒപ്പുവെച്ചു.

സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് സ്ഥലം സന്ദർശിച്ച ഡോ. എം.ജി.എസ് നാരായണന്റെ നേതൃത്വത്തിലുള്ള ജനകീയ കൂട്ടായ്മ സർക്കാറിനോട് ആവശ്യപ്പെട്ടു.

അതിക്രമത്തിന്റെ ഉത്തരവാദിത്വം ജില്ലാ കലക്ടർക്കാണെന്നും മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും ഇല്ലാത്ത സമയം നോക്കി മന്ത്രിയുടെ അനുമതിയോടെ പോലീസ് തേർവാഴ്ചക്ക് കലക്ടർ അവസരം ഒരുക്കുകയായിരുന്നുവെന്നും ജനജാഗ്രതാ സമിതി നേതാക്കളായ കെ. റഹ്മത്തുല്ല, പി. അജയ് കുമാർ എന്നിവർ കുറ്റപ്പെടുത്തി. കിനാലൂരിലെ സമരക്കാരെ ശത്രുക്കളെ പോലെ വേട്ടയാടിയ പോലീസ് നടപടി സംസ്ഥാനത്തിന് അപമാനകരമാണെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി എം.ഐ ഷാനവാസ് എം.പി പറഞ്ഞു. കോൺഗ്രസ് നേതാക്കളായ വി.എം സുധീരൻ, എം.കെ രാഘവൻ എം.പി, ഷാനിമോൾ ഉസ്മാൻ, ബി.ജെ.പി നേതാക്കളായ മുരളീധരൻ, കെ. സുരേന്ദ്രൻ, കെ.പി ശ്രീശൻ, അന്വേഷി പ്രസിഡന്റ് അജിത, ഗ്രോ വാസു, അഡ്വ. പി.എ പൗരൻ, ബി.എം സുഹ്റ, സി.ആർ നീലകണ്ഠൻ, മുൻമന്ത്രി എം.കെ മുനീർ, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി എം.കെ മുഹമ്മദലി, വനിതാ വിഭാഗം നേതാക്കളായ ആർ.സി സാബിറ, ജില്ലാ പ്രസിഡന്റ് പി.സി ബഷീർ തുടങ്ങി നിരവധി പേർ കിനാലൂരിലെത്തി പരിക്കേറ്റവരെ സന്ദർശി

ക്കുകയും സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

പിന്തുടർന്നോടി കല്ലെറിഞ്ഞ പോലീസിൽനിന്നും രക്ഷപ്പെടുന്നതിനിടെ വഴിതെറ്റി മലകയറേണ്ടിവന്ന ആമിന, മാതാവിനെയും സഹോദരങ്ങളെയും രക്ഷിക്കുന്നതിനിടെ ലാത്തിയടിയേറ്റ് കൈപൊട്ടിയ കേച്ചേരി വീട്ടിൽ തൗഫീഖ്, കൈ ഒടിഞ്ഞ ഇന്ദു, പാലാപറമ്പിൽ ആഇശ, യൂത്ത് കോൺഗ്രസ് നേതാവ് നിജേഷ് അരവിന്ദ്, തെക്കുവീട്ടിൽ രാജൻ, കളരിവയൽ ആസാദ്, കൈക്ക് പ്ലാസ്റ്ററിടേണ്ടി വന്ന ബി.ജെ.പി സംസ്ഥാന സമിതിയംഗം സി.കെ ബാലകൃഷ്ണൻ തുടങ്ങി നിരവധി പേർ തങ്ങളുടെ ദുരനുഭവങ്ങൾ നേതാക്കളുമായി പങ്കുവെച്ചു.

സി.പി.എം നൽകിയ ലിസ്റ്റുമായി അർധരാത്രിയിലും കിനാലൂരിനെ ഭീതിയിലാഴ്ത്തി പോലീസ് വണ്ടികൾ തലങ്ങും വിലങ്ങും ഓടുകയാണ്. മിക്ക വീടുകളിൽനിന്നും പുരുഷന്മാർ മാറി നിൽക്കുകയാണ്. ചിലയിടങ്ങളിൽ പോലീസിനെ പേടിച്ച് സ്ത്രീകളും വീട് പൂട്ടി ബന്ധുവീടുകളിൽ അഭയം തേടിയിട്ടുണ്ട്. അക്രമ സംഭവങ്ങളുടെ ഉത്തരവാദിത്വം സോളിഡാരിറ്റിയുടെ മേൽ കെട്ടിവെച്ച് സമരത്തിൽ ഭിന്നിപ്പുണ്ടാക്കാൻ മന്ത്രിയും, ഇല്ലാത്ത രഹസ്യാന്വേഷണ റിപ്പോർട്ടുമായി ചില പത്രങ്ങളും ജനകീയ സമരത്തെ ചോദ്യം ചെയ്യുകയാണ്.

സ്വന്തം ജനതയെ, പോലീസിനെ കയറൂരി വിട്ട്, ഭൂമാഫിയക്ക് വേണ്ടി എന്തും ചെയ്യാൻ മടികാണിക്കാത്ത വ്യവസായ മന്ത്രിയുടെയും ജില്ലാ കലക്ടറുടെയും ധിക്കാരത്തിനും ധാർഷ്ട്യത്തിനും മുന്നിൽ സമര കേരളം മുട്ടുമടക്കില്ല. ■